# ഇരുപത്തഞ്ചാം ആഗോള രോഗീദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

## 11 ഫെബ്രുവരി 2017

### ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം

*"സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:49)*

പ്രീയസഹോദരീസഹാദരന്മാരേ,

ഇരുപത്തഞ്ചാം ആഗോളരോഗീദിനം സഭ മുഴുവനിലും സവിശേഷമാംവിധം ലൂർദിലും ഫെബ്രുവരി 11-ന് ആഘോഷിക്കും. ഈ വർഷത്തെ ചിന്താവിഷയം "ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം: സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു..." (ലൂക്കാ 1:49) എന്നതായിരിക്കും. ഈ ദിനാചരണം എന്റെ മുൻഗാമി വിശുദ്ധ ജോൺ പോൾ 2-ാമൻ 1992-ൽ സ്ഥാപിച്ചതും 1993 ഫെബ്രുവരി 11-ന് ആദ്യമായി ലൂർദിൽ ആരംഭിച്ചതുമാണ്. വേദനിക്കുന്നവരായ എല്ലാവരെയും വിശിഷ്യ രോഗികളുടെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള പ്രത്യേക ഒരവസരമാണിത്. രോഗികളെ ഉദാരതയോടെ സഹായിക്കുന്ന കുടുംബാംഗങ്ങൾ ആരോഗ്യമേഖലയിൽ ജോലിചെയ്യുന്നവർ സന്നദ്ധസേവകർ എന്നിവർക്ക് ദൈവത്തോടു നന്ദി പറയാനുള്ള ഒരവസരം കൂടിയാണിത്. കാരണം രോഗികളായ സഹോദരീസഹോദരന്മാരുടെ കൂടെയായിരിക്കാൻ അവരെ ദൈവം വിളിച്ചല്ലോ. ദരിദ്രരെയും രോഗികളെയും വേദനിക്കുന്നവരെയും സമുദായഭ്രഷ്ടരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സഹായിക്കുകയെന്നത് സഭയുടെ മൗലികദൗത്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് ഈ ആചരണം സഭയ്ക്ക് തന്റെ മൗലിക ദൗത്യം കൂടുതൽ പൂർണമായി വഹിക്കാനുള്ള നവീകൃതമായ ആത്മീയ ഊർജം നല്കുന്ന ഒരു സന്ദർഭം കൂടുയാണിത് (cf John Paul II, Motu Proprio Dolentium Hominum 2 Feb. 1985, 1). ഈ ദിവസങ്ങളിൽ ലൂർദിൽ നടത്തുന്ന പ്രാർത്ഥന കുർബാനയാചരണം രോഗീലേപനം രോഗികളുമായുള്ള പങ്കുവയ്ക്കൽ, ജീവധർമ്മശാസ്ത്രപരവും ദൈവശാസ്ത്രപരവും അജപാലനപരവുമായ ശില്പശാലകൾ എന്നിവ ഈ സേവനരംഗത്ത് തീർച്ചയായും നവീനവും ശ്രദ്ധേയവുമായ സംഭാവനകൾ കാഴ്ചവയ്ക്കും.



ഞാൻ ഇപ്പോഴും മസാബില്ലേയിലെ ഗ്രോട്ടോയിൽ, അമലോദ്ഭവ മാതാവിന്റെ രൂപത്തിന്റെ മുമ്പിൽ, ആത്മീയമായി സന്നിഹിതനാണ്. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി സർവശക്തൻ വലിയ കാര്യങ്ങൾ ആ മാതാവിലാണല്ലോ പ്രവർത്തിച്ചത്.

വേദനയനുഭവിക്കുന്ന സഹോദരീസഹോദരന്മാരേ, നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടുമുള്ള എന്റെ ആത്മബന്ധം ഞാൻ പ്രകാശിപ്പിക്കുന്നു. വിവിധ സേവനരംഗങ്ങളിലും, ആരോഗ്യശുശ്രൂഷാസ്ഥാപനങ്ങളിലും ലോകത്ത് എവിടെയും പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. വൈദഗ്ധ്യത്തോടും ഉത്തരവാദിത്വബോധത്തോടും കൂടിയുള്ള സമർപ്പിത ശുശ്രൂഷയും ചികിത്സയും ചെയ്യുന്ന, അനുദിനക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളെ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവത്തിന് ഓരോ മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ സുനിശ്ചിതമായ അടയാളവും ദൈവേഷ്ടത്തിനു കീഴ്വഴങ്ങുന്നതിന്റെ മാതൃകയും "രോഗികളുടെ ആരോഗ്യവും" ആയ മറിയത്തിൽ കണ്ടെത്തുവാൻ രോഗികളും പീഡസഹിക്കുന്നവരും, ചികിത്സകരും, നേഴ്സുമാരും കുടുംബാംഗങ്ങളും സന്നദ്ധസേവകരുമായ നിങ്ങളെയെല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യവചനംകൊണ്ടും കൂദാശകൾകൊണ്ടും പോഷിപ്പിക്കപ്പെട്ട്, വിശ്വാസത്തിൽ, രോഗാവസ്ഥയിലും ദൈവത്തെ സ്നേഹിക്കാനുള്ള ശക്തി നിങ്ങൾ നേടാൻ ഇടയാകട്ടെ.

വിശുദ്ധ ബർണദീത്തയെപ്പോലെ നമ്മൾ പരിശുദ്ധ മറിയത്തിന്റെ സൂക്ഷ്മമായ നോട്ടത്തിൻ കീഴിൽ നില്ക്കുന്നു. താൻ സ്നേഹപൂർണയായ നാഥ എന്നു വിളിക്കുന്ന പരിശുദ്ധ കന്യകാമറിയം ഒരാൾ മറ്റൊരാളെ നോക്കുന്നതുപോലെ തന്റെ നേരേ നോക്കിയെന്ന് ലൂർദിലെ വിനീത കന്യകയായ ബർണദീത്ത പറയുന്നു. ലളിതമായ ആ വാക്കുകൾ ഒരു ബന്ധത്തിന്റെ പൂർണതയെ വിവരിക്കുന്നുണ്ട്. മറിയം ഒരു വ്യക്തിയെന്ന നിലയിൽ തന്റെ നേരേ നോക്കുകയായിരുന്നുവെന്ന് ദരിദ്രയും അക്ഷ

രജ്ഞാനമില്ലാത്തവളും രോഗിണിയുമായ ബർണദീത്തായ്ക്കു തോന്നി. സ്നേഹപൂർണയായ കന്യകാമറിയം അവളോട് വലിയ ബഹുമാനത്തോടും ഗൗരവം വെടിഞ്ഞ് ദാക്ഷിണ്യത്തോടെയും സംസാരിച്ചു. ഇത് ഒരു വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ വ്യക്തിയും എപ്പോഴും ഒരു മനുഷ്യനാണ്. അങ്ങനെ നിലകൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് അതനുസരിച്ച് നാം ഓരോ വ്യക്തിയോടും പെരുമാറണം എന്നതാണ് ആ വസ്തുത. രോഗികൾക്കും അംഗപരിമിതർക്കും അവരുടെ ജീവിതത്തിൽ അന്യവത്കരിക്കാനാവാത്ത അതിയായ മഹത്ത്വവും ദൗത്യവുമുണ്ട്. അവർ ഒരിക്കലും നിസ്സാര വസ്തുക്കളായിത്തീരുന്നില്ല. ചിലപ്പോൾ അവർ നിഷ്ക്രിയരായി കാണപ്പെട്ടാമെങ്കിലും യഥാർത്ഥത്തിൽ നിഷ്ക്രിയരല്ല.

ബർണദീത്ത, ഗ്രോട്ടോ സന്ദർശിച്ചതിനുശേഷം, അവളുടെ പ്രാർത്ഥനയുടെ സഹായത്താൽ, തന്റെ ദൗർബല്യത്തെ മറ്റുള്ളവർക്കു സഹായകരമാക്കി മാറ്റി. തന്റെ അയൽക്കാരെ ശക്തിപ്പെടുത്താൻ സ്നേഹംമൂലം അവൾക്കു കഴിഞ്ഞു. സർവോപരി, മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കാനും സാധിച്ചു. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ സ്നേഹപൂർണയായ കന്യകാമറിയം അവളോട് ആവശ്യപ്പെട്ടു. ഈ യാഥാർത്ഥ്യം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. അതായത്, രോഗികളും സഹിക്കുന്നവരും സൗഖ്യം ലഭിക്കാൻ മാത്രമല്ല അവർ യഥാർത്ഥ ക്രൈസ്തവരായി ജീവിക്കാനും, ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതശിഷ്യന്മാരെപ്പോലെ ജീവിതം സമർപ്പിക്കാൻപോലും, ആഗ്രഹിക്കുന്നുണ്ട്. കന്യകാമറിയം ബർണദീത്തായ്ക്ക് രോഗികളെ ശുശ്രൂഷിക്കാനുള്ള വിളി നല്കി. പരസ്നേഹത്തിന്റെ സഹോദരിയാകാൻ അവളെ വിളിച്ചു. ആ ദൗത്യം അവർ ഏറെ മാതൃകാപരമായ രീതിയിൽ നിർവഹിച്ചു. ആരോഗ്യശുശ്രൂഷ നിർവഹിക്കുന്നവർക്കെല്ലാം അത് മാതൃകയായിത്തീർന്നു. തീർച്ചയായും സഹായം ആവശ്യമുള്ള വ്യക്തികളായി രോഗികളെ കണ്ട് അവരോട് എപ്പോഴും ബന്ധപ്പെടാനുള്ള അനുഗ്രഹത്തിനായി അമലോദ്ഭവമറിയത്തോട് നമുക്കു പ്രാർത്ഥിക്കാം. രോഗികൾക്ക് ചിലപ്പോൾ ചെറിയ സഹായങ്ങളായിരിക്കും ആവശ്യമുള്ളത് എന്നാലും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സ്വന്തമായ ഒരു ദാനം അവർക്കുണ്ട്.

പീഡിതരോടും ദരിദ്രരോടുമുള്ള സഭയുടെ അനുദിനസമർപ്പണത്തിൽ "പീഡിതരുടെ ആശ്വാസ"മായ മറിയത്തിന്റെ നോട്ടം സഭയുടെ





മുഖത്തെ പ്രകാശിപ്പിക്കുന്നു. സഹനത്തിന്റെയും രോഗത്തിന്റെയും ലോകത്തോടുള്ള ഈ താത്പര്യത്തിന്റെ അമൂല്യഫലങ്ങൾ കർത്താവായ യേശുവിനോട് നന്ദിപറയാനുള്ള ഒരു കാരണമാണ്. അവിടന്ന് പിതാവിന്റെ ഇഷ്ടമനുസരിച്ച് നമ്മിൽ ഒരാളായിത്തീർന്നു. മനുഷ്യവംശത്തെ വീണ്ടെടുക്കാൻവേണ്ടി കുരിശുമരണം സഹിക്കുക കൂടി ചെയ്തു. മറിയത്തിൽ നിന്നു ജനിച്ച ദൈവപുത്രനായ ക്രിസ്തു പ്രദർശിപ്പിച്ച ഐക്യദാർഢ്യം ദൈവത്തിന്റെ കരുണാപൂർണമായ സർവശക്തിയുടെ ഒരു പ്രകാശനമാണ്. അതാകട്ടെ നമ്മുടെ ജീവിതത്തിൽത്തന്നെ – സർവോപരി ജവിതം ദുർബലവും വേദനാപൂർണവും അപമാനിതവും പാർശ്വവത്കൃതവും സഹനപൂർണവുമായിത്തീരുമ്പോൾ – വെളിവാക്കപ്പെട്ടിട്ടുണ്ട്. നമ്മെ പിടിച്ചുനിറുത്താനും വീണ്ടും എഴുന്നേല്ക്കാനും സഹായിക്കുന്ന പ്രത്യാശയുടെ ശക്തികൊണ്ട് അതു ജീവിതം നിറയ്ക്കുകയും ചെയ്യുന്നു.

മനുഷ്യത്വത്തിന്റെ മഹാസമ്പത്തും വിശ്വാസവും ദുർവ്യയം ചെയ്തു കളയരുത്. മറിച്ച്, മാനുഷിക ദൗർബല്യത്തെക്കുറിച്ച് തുറന്നു പറയാനും ഇന്നത്തെ ആരോഗ്യസംരക്ഷണത്തിന്റെയും സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ നേരിടാനും അത് നമ്മെ പ്രചോദിപ്പിക്കണം. ഈ ആഗോളരോഗീദിനാചരണ ദിവസം ജീവനോടും ആരോഗ്യത്തോടും പരിസ്ഥിതിയോടും ബഹുമാനം കാണിക്കുന്ന ഒരു സംസ്കാരത്തിനുവേണ്ടി അധ്വാനിക്കാൻ പുതിയ പ്രചോദനം നമുക്കു കണ്ടെത്താം. വ്യക്തികളുടെ സമഗ്രതയും മഹത്ത്വവും സംരക്ഷിക്കുന്നതിന് നവീന പരിശ്രമങ്ങൾ ചെയ്യാൻ ഈ ദിവസം നമ്മെ പ്രചോദിപ്പിക്കട്ടെ. ജീവ-ധർമ്മശാസ്ത്രപരമായ പ്രശ്നങ്ങളോടും ദുർബലർക്കുള്ള സംരക്ഷണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ശരിയായ സമീപനം പുലർത്താൻ അതു ഉത്തേജനം നല്കട്ടെ.

ഈ ഇരുപത്തഞ്ചാം ആഗോളരോഗീദിനാചരണദിവസം ചികിത്സകർക്കും നേഴ്സുമാർക്കും സന്നദ്ധസേവകർക്കും രോഗികളെയും ദരിദ്രരെയും സേവിക്കാൻ സ്വയം സമർപ്പിച്ച സന്ന്യാസിനീസന്ന്യാസികൾക്കും ഒരിക്കൽകൂടി എന്റെ പ്രാർത്ഥനാപൂർവകമായ പിന്തുണയും പ്രോത്സാഹനവും ഞാൻ നല്കുന്നു. ഈ ലക്ഷ്യത്തിനായി അധ്വാനിക്കുന്ന സഭാസ്ഥാപനങ്ങളെയും സിവിൽ സ്ഥാപനങ്ങളെയും രോഗികളെയും സ്നേഹപൂർവം പരിചരിക്കുന്ന കുടുംബങ്ങളെയും ഞാൻ സ്നേഹപൂർവം ആശ്ലേഷിക്കു

ന്നു. അവയെല്ലാം ദൈവസ്നേഹത്തിനുള്ള സാന്നിധ്യത്തിന്റെ സന്തോഷ പൂർണമായ അടയാളങ്ങളായിരിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ആശുപത്രികളുടെയും ആരോഗ്യപാലകരുടെയും രക്ഷാധികാരികളായ വിശുദ്ധ ജോൺ ഓഫ് ഗോഡ്, വിശുദ്ധ കമില്ലൂസ് ഡി ലെല്ലീസ് ദൈവ സ്നേഹത്തിന്റെ പ്രേഷിതയായ കൽക്കട്ടയിലെ മദർ തെരേസ എന്നിവർ ഉൾപ്പെടുന്ന ദൈവത്തിന്റെ അനേക സുഹൃത്തുക്കൾ നല്കിയ പ്രഭാപൂരിതമായ സാക്ഷ്യത്തെ അവർ അനുകരിക്കട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളേ, ആരോഗ്യപാലകരേ, സന്നദ്ധസേവകരേ, നിങ്ങൾ എന്നോടൊപ്പം കന്യകാമറിയത്തോടു പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമ്മുടെ വിശ്വാസത്തോടൊപ്പമുണ്ടായിരിക്കുകയും നമ്മെ സംരക്ഷിക്കുകയും ചെയ്യട്ടെ. സുഖപ്പെടുത്തലിന്റെയും ആരോഗ്യപാലനത്തിന്റെയും യാത്രയിൽ അവൾ തന്റെ പുത്രനായ ക്രിസ്തുവിൽ നിന്ന് പ്രത്യാശ നേടിത്തരട്ടെ. സാഹോദര്യത്തെയും ഉത്തരവാദിത്വത്തെയും സംബന്ധിച്ച ബോധവും സമഗ്രമാനുഷിക വികസനത്തെക്കുറിച്ചുള്ള സമർപ്പണബോധവും ദൈവം തന്റെ വിശ്വസ്തതയും കാരുണ്യവും വഴി നമ്മെ വിസ്മയിപ്പിക്കുന്നിടത്തെല്ലാം കൃതജ്ഞത തോന്നുന്നതിന്റെ സന്തോഷവും സംലബ്ധമാക്കട്ടെ.

ഞങ്ങളുടെ അമ്മയായ മറിയമേ, ഞങ്ങളിൽ ഓരോരുത്തരെയും പുത്രനോ പുത്രിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യണമേ. ആത്മവിശ്വസത്തോടെയുള്ള ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രതീക്ഷകളെ നിലനിറുത്തണമെ. ഞങ്ങളുടെ രോഗങ്ങളിലും സഹനങ്ങളിലും ഞങ്ങളെ സഹായിക്കണമേ. നിന്റെ പുത്രനും ഞങ്ങളുടെ സഹോദരനുമായ ക്രിസ്തുവിലേക്കു ഞങ്ങളെ നയിക്കണമേ. മഹാകാര്യങ്ങൾ ചെയ്യുന്ന പിതാവിന് സ്വയം സമർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ.

എന്റെ പ്രാർത്ഥനയിൽ സ്ഥിരം ഓർമ്മിച്ചുകൊള്ളാമെന്ന് ഉറപ്പുനല്കിക്കൊണ്ട്, ഹൃദയപൂർവം നിങ്ങൾക്ക് എല്ലാവർക്കും ഞാൻ അപ്പസ്തോലികാശീർവാദം തരുന്നു.

8 ഡിസംബർ 2016, അമലോദ്ഭവത്തിരുന്നാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**





# തിരുബാലസഖ്യദിനം

**2017 ഫെബ്രുവരി 12**

## കെസിബിസി
## വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. നസ്രായനായ യേശുവിന്റെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ധ്യാനിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും പരമോന്നതനായ ദൈവത്തിന്റെ ഉപരിമഹത്വത്തിനായി സമർപ്പിക്കുകയെന്നതുമാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യകൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ ധ്യാനപൂർവ്വം പങ്കുവയ്ക്കുക കൂടി ചെയ്യട്ടെ.

നാലാം പ്രമാണത്തിന്റെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കാസഭയുടെ മതബോധനങ്ങൾ അനുശാസിക്കുന്നതനുസരിച്ച് തിരുവചനത്തിലധിഷ്ഠിതമായ ചിന്താശകലങ്ങളാണ് ഇവിടെ ധ്യാനവിഷയമാകുന്നത്.

മത്താ. 2,11: അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു.

മത്താ. 2,21: അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രയേൽ ദേശത്തേക്കു പുറപ്പെട്ടു.

ലോകരക്ഷകൻ ഇല്ലായ്മയുടെയും ഭീതിയുടെയും നിഴലിൽ ഭൂമിയെ പുൽകുന്ന ഒരു രംഗത്തിലെ രണ്ടു ഭാവങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഈ തിരുവചനഭാഗങ്ങൾ നല്കുന്ന ചില പ്രകാശ കിരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ചു: ഭവനമെന്ന രീതിയിൽ ഇവിടെ പരാമർശിക്കുന്നത് ഒരു കാലി സങ്കേതമാണെന്നും ഒരു സത്രമൊ, സ്വന്തംഭവനമൊ അല്ലാ എന്നും തിരുവചനം സൂചന നല്കുന്നു. സമ്പത്തിന്റേയോ സ്ഥലമഹിമയുടെയെ പാരമ്പര്യത്തിന്റെയൊ പ്രഭാവമല്ല ഭവനമെന്ന ഒരു ഇടം സമ്മാനിക്കുന്നത്. മറിച്ച് അപ്പനും അമ്മയും പൈതലും സ്നേഹത്തിൽ ഒരുമിക്കുന്ന ഇടമാണ്. അത്തരത്തിൽ തെരുവിന്റെ തീരങ്ങൾ വരെ സ്നേഹഭവനമാവുകയും മണിമാളികകൾ സ്പന്ദനം നിലച്ച് ശൈത്യം പിടിച്ചുപോയ കെട്ടിടകൂട്ടങ്ങൾ ആകുകയും ചെയ്യുന്നുണ്ട്. ജ്ഞാനികൾക്ക് കടന്നു വരുവാൻ സാധിക്കും വിധം നമ്മുടെ കുടുംബങ്ങളെ ഭവനങ്ങളാക്കേണ്ടതുണ്ട്. ഓരോ കുടുംബ ത്തിലും വളർന്നു വരുന്ന പൈതങ്ങളുംകുട്ടികളും ജ്ഞാനികളുടെയും ദൈവ വീക്ഷണമുള്ളവരുടെയും കാഴ്ചപ്പാടിൽ യോഗ്യതയുള്ളവരാ ക്കുകയും ചെയ്യേണ്ടതുണ്ട്. വിവേകമുള്ളവർ തിരിച്ചറിയും, വളർന്നു വരുന്നത് തിരുബാല്യങ്ങൾ തന്നെയാണോ എന്ന്.

2. യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു: ആധുനിക സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയായി ഇത് മാറിയിട്ടുണ്ടെന്നാണ് നിഗമനം. പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവി ക്കുന്ന അമ്മമാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടു കളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പ ത്തിക ഭദ്രതയ്ക്കും സോഷ്യൽസ്റ്റാറ്റസിനുംവേണ്ടി അകന്നു താമസി ക്കുന്നവരുമുണ്ട്. പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാന മെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കട്ടെ യെന്നാണ് പ്രാർത്ഥന.





ഇന്നുകളുടെ നൊമ്പരമായി മാറുന്നത് ഒരേ കൂരയ്ക്കു കീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന അമ്മമാരെയും മക്കളെയും കാണുമ്പോഴാണ്. കൊച്ചുകുട്ടികളെവരെയും ഇന്ന് കൂടുതലായി കാണുന്നത് അമ്മയുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ നല്ലതല്ലാത്ത രീതിയിൽ തന്നെ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥ ലോകത്തേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവരസാങ്കേതികത അമ്മയ്ക്കു പകരം നിന്നാൽ ശിഥിലമാവുക കുടുംബങ്ങളായിരിക്കും. താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

3. ജ്ഞാനികൾ ശിശുവിനെ ആരാധിക്കുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു: ആന്തരിക ജ്ഞാനമുള്ളവർ എളിമയുടെ താഴ്ചകളിൽ പോലും ഔന്നത്യങ്ങളും യഥാർത്ഥമൂല്യങ്ങളും തിരിച്ചറിയും. ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി ഏകാന്തതകൾ ഒളിച്ചിരിക്കുന്നു ണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചന ങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്. അതോടൊപ്പം എളിമയുടെയും വിനയത്തിന്റെയും നാൾവഴികളിൽ ഒരു ശിശുവിനെ തേടിപ്പോലും ജ്ഞാനികൾ വരികയും ആ എളിമപ്പെട്ട ശിശുവിന്റെ മുന്നിൽ താണുവണങ്ങി ആരാധിക്കുകയും ചെയ്യുന്നു എന്നും നാം തിരിച്ചറിയുന്നു. സ്വയം പ്രദർശിപ്പിക്കുക, കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക തുടങ്ങിയ നിസ്സംഗമല്ലാത്ത പ്രവർത്തന

രീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെ തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകനയനങ്ങളും സർവ്വതും വീക്ഷിക്കുന്നുണ്ടെന്നത് തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ബാഹ്യപ്രവർത്തനങ്ങൾക്കുമപ്പുറം യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിഗണനകൾ നല്കുകയും ചെയ്യും.

4. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പോയി: കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. കൂദാശവചനങ്ങൾ പറയുന്നപോലെയും അമോറിസ് ലെത്തീസ്യയിലൂടെ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെയും ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് ദൈവനിവേശിതമായ കുടുംബത്തിൽ തെളിയേണ്ടത്. സുരക്ഷിതത്വത്തിലേയ്ക്കായാലും സമ്പത്തിലേയ്ക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളെ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് തിരുബാല്യങ്ങളെ കാത്തു സൂക്ഷിക്കേണ്ട ചില മേഖലകൾ ധ്യാനപുരസ്സരം സൂചിപ്പിച്ചെന്നേയുള്ളൂ. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗി കതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വിളഞ്ഞാടുന്ന കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.





അമോറിസ് ലെത്തീസ്യയിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നി പറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്ക്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടെ രൂപപ്പെടുത്തികൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനത്തെ നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി.,
കൊച്ചി

NB: 2017 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, പ്രിയസഹോദരീസഹോദരന്മാരേ,

ക്രിസ്തുവിന്റെ പെസഹാ ആചരണ ശുശ്രൂഷയെ ചിത്രീകരിക്കുന്ന പെയിന്റിങ്ങ് വികലമായി അനുകരിച്ചുകൊണ്ട് ഭാഷാപോഷിണി മാസികയുടെ ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ചിത്രീകരണം സഭയ്ക്കുള്ളിലും സമൂഹത്തിലും ഉളവാക്കിയ അസ്വസ്ഥതകൾ ഏവർക്കും അറിവുള്ളതാണല്ലോ. ക്രിസ്ത്യാനികളുടെ മതബോധത്തെയും വികാരത്തെയും വ്രണപ്പെടുത്തിയ പ്രസ്തുത സംഭവം പലവിധ പ്രതിഷേധങ്ങൾക്കും കാരണമായി.

തങ്ങൾക്കു പറ്റിയ വീഴ്ച തിരിച്ചറിഞ്ഞ മലയാള മനോരമ, പ്രതിഷേധാർഹമായ പെയിന്റിങ്ങ് പിൻവലിച്ച് ഖേദം രേഖപ്പെടുത്തുകയും പത്രത്തിലൂടെ മാപ്പുചോദിക്കുകയും ചെയ്തു. കൂടാതെ കേരളത്തിലെ വ്യക്തിഗതസഭകളുടെ തലവന്മാരായ പിതാക്കന്മാരുമായി ബന്ധപ്പെട്ട് സാഹചര്യങ്ങൾ വിശദീകരിക്കുകയുമുണ്ടായി.

ഭാഷാപോഷിണി പ്രസിദ്ധീകരിച്ച അന്ത്യഅത്താഴവിരുന്നിന്റെ വികല ചിത്രീകരണത്തിൽ സഭയ്ക്കുള്ള വേദനയും പ്രതിഷേധവും കെസിബിസി മനോരമയെ രേഖാമൂലം അറിയിച്ചിരുന്നു. കെസിബിസി മുന്നോട്ടുവച്ച നിർദേശപ്രകാരം 2017 ജനുവരി 10-ന് പിഒസിയിൽവച്ച് മനോരമ പ്രസിദ്ധീകരണങ്ങളുടെ മുഖ്യചുമതലക്കാരും കെസിബിസി ഭാരവാഹികളുമായി നടന്ന ചർച്ചയിൽ കുറെക്കാലമായി മനോരമ അനുവർത്തിച്ചുപോരുന്ന സഭാവിരുദ്ധനയങ്ങളോടുള്ള കെസിബിസിയുടെ വിയോജിപ്പ് രേഖപ്പെടുത്തുകയും സഭയുടെ ശക്തമായ പ്രതിഷേധവും വേദനയും അവരെ അറിയിക്കുകയും ഇക്കാര്യത്തിൽ





പുനഃപരിശോധനയ്ക്കും തിരുത്തൽനടപടികൾക്കും മനോരമ തയ്യാറാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ആർട്ടിസ്റ്റുകളുടെ ന്യായമായ ആവിഷ്കാര സ്വാതന്ത്ര്യത്തെ കത്തോലിക്കാസഭ മാനിക്കുന്നുവെന്നും എന്നാൽ കാലങ്ങളായി മനോരമയിൽ ജനങ്ങളർപ്പിച്ചിട്ടുള്ള വിശ്വാസത്തിനും പ്രതീക്ഷയ്ക്കും നിരക്കാത്ത പ്രവൃത്തി ഭാഷാപോഷിണിയിലൂടെ ഉണ്ടായത് അങ്ങേയറ്റം നിരാശാജനകമാണെന്നും അവരെ അറിയിച്ചു.

ഭാഷാപോഷിണി മാസികയിൽ സംഭവിച്ചത് വലിയ വീഴ്ചയായിരുന്നുവെന്നും അതിൽ അങ്ങേയറ്റം ഖേദമുണ്ടെന്നും ഇത്തരം പിഴവുകൾ മേലിൽ മനോരമ പ്രസിദ്ധീകരണങ്ങളിൽ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതാണെന്നും അവർ ഉറപ്പു നല്കി. ഗൗരവതരമായ ഈ തെറ്റ് പത്രസ്ഥാപനത്തിലെ ചുമതലപ്പെട്ടവരുടെ മനഃപൂർവമായ വീഴ്ചയായിരുന്നില്ലെന്നും, ബഹുസ്വര സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുക്കാനും എല്ലാവരുടെയും താത്പര്യങ്ങൾ സംരക്ഷിക്കാനുമുള്ള പരിശ്രമത്തിലുണ്ടാകുന്ന മനഃപൂർവമല്ലാത്ത വീഴ്ചകൾ സഭ മനസ്സിലാക്കണമെന്നും ഇക്കാര്യത്തിൽ സഭാവിരുദ്ധത ദർശിക്കരുതെന്നും അവർ അഭ്യർത്ഥിച്ചു.

2017 ജനുവരി 11-ന് മനോരമയുടെ എല്ലാ യൂണിറ്റുകളിലെയും എഡിറ്റോറിയൽ വിഭാഗത്തിന്റെ മീറ്റിങ്ങ് കോട്ടയത്ത് ചേരുന്നതാണെന്നും പ്രസ്തുത മീറ്റിങ്ങിൽ എഡിറ്റോറിയൽ വിഭാഗം പുലർത്തേണ്ട ജാഗ്രത സംബന്ധിച്ച വ്യക്തമായ നിർദേശങ്ങൾ നല്കുന്നതാണെന്നും അവർ ഉറപ്പു നല്കി.

കത്തോലിക്കാസഭയുമായി തുറന്ന സമീപനവും ആശയവിനിമയവുമാണ് തങ്ങൾ പ്രതീക്ഷിക്കുന്നതെന്നും, ക്രിസ്തീയ മൂല്യങ്ങളും സന്ദേശവും ജനങ്ങളിലെത്തിക്കാൻ മനോരമ പ്രതിജ്ഞാബദ്ധമാണെന്നും അവർ വ്യക്തമാക്കുകയും സഭയുടെ മാർഗനിർദേശ

ങ്ങളും സഹകരണവും പിന്തുണയും തുടർന്നും ഉണ്ടാകണമെന്ന് അവർ അഭ്യർത്ഥിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ ക്രൈസ്തവോചിതമാംവിധം അനുരഞ്ജനത്തിന്റെ അരൂപിയിൽ പൊതുനന്മയ്ക്കു ശുശ്രൂഷചെയ്യുന്നതിൽ തുടർന്നും സഹകരണബുദ്ധിയോടുകൂടി മുമ്പോട്ടുപോകാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. കൂടുതൽ മെച്ചപ്പെട്ട ക്രൈസ്തവസാക്ഷ്യം സമൂഹത്തിനു നല്കാൻ ഇത്തരം വീഴ്ചകളുടെ തിരുത്തൽ കാരണമാകുമെന്നു കരുതുന്നു. എല്ലാ മതവിശ്വാസങ്ങളോടും മതപ്രതീകങ്ങളോടുമുള്ള ബഹുമാനവും ആദരവും സമൂഹത്തിൽ പുലരുന്നതിനും മതങ്ങളുടെയും മതപ്രതീകങ്ങളുടെയും ദുരുപയോഗവും അശുദ്ധമാക്കലും തടയുന്നതിനും പരസ്പരം മനസ്സിലാക്കി ഒത്തൊരുമിച്ചുള്ള നമ്മുടെ പരിശ്രമങ്ങൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഏവർക്കും നന്മയുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി.
കൊച്ചി





# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

06.01.2017

Prot No CCL 1/2017

## സർക്കുലർ

## കാതോലിക്കാദിനം-2017

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സ്വയംഭരണാധികാരമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും സഭാധ്യക്ഷൻ, പൗരസ്ത്യ സഭാ പാരമ്പര്യമനുസരിച്ചുള്ള മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തതിന്റെ 12-ാം വാർഷികം കാതോലിക്കാദിനമായി 2017 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച സഭയൊന്നാകെ ആചരിക്കുകയാണ്. നമ്മുടെ സഭാത്മക ബന്ധം കൂടുതൽ തീക്ഷ്ണതയോടെ സഭാ ശുശ്രൂഷകൾ നിർവഹിക്കുന്നതിനും ആഗോള സഭയിലൂടെ നമുക്കു ലഭ്യമായ എല്ലാ നന്മകളെയും നന്ദിയോടെ ഓർക്കുന്നതിനും, കാതോലിക്കാ ദിനാചരണം ഇടയാക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം 86 സംവത്സരങ്ങൾ അനുഗ്രഹത്തിന്റെ തോരാമഴയായിരുന്നുവെന്ന് ആഹ്ലാദപൂർവ്വം നമുക്ക് പറയാൻ സാധിക്കും. വിശുദ്ധിയുടെ പരിമളം പരത്തിയ മാർ ഈവാനിയോസ് എന്ന പുണ്യപിതാവിന്റെ വിശുദ്ധ നാമകരണ നടപടികളുടെ പ്രഥമഘട്ടമായ അതിഭദ്രാസന അന്വേഷണങ്ങളുടെ സമാപനം 2016 ആഗസ്റ്റ് 25-ന് നിർവഹിക്കുവാനും, ചരിത്രരേഖകൾ റോമിലെ വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള കാര്യാലയത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ കർദിനാൾ ആഞ്ചലോ അമാത്തോ തിരുമേനിയെ സെപ്റ്റംബർ 6-ാം തീയതി ഏൽപിക്കാനും തുടർനടപടികളുടെ അംഗീകാരം നേടുവാനും സാധിച്ചു എന്നത് ഏറെ അഭിമാനത്തോടെ ഓർക്കുകയാണ്. തീക്ഷ്ണ

മായ പ്രാർത്ഥനയിൽ ദൈവം കനിഞ്ഞുനൽകുന്ന അത്ഭുത പ്രവർത്തനത്തിലൂടെ മാത്രമെ ഈ നടപടികളുടെ പൂർത്തീകരണം സാധ്യമാകൂ എന്നത് സഭാമക്കളോരോരുത്തരുടെയും ഉത്തരവാദിത്വം വർധിപ്പിക്കുന്നു. സാധാരണയായി നടത്തുന്ന പ്രാർത്ഥനകൾക്കും ഉപവാസങ്ങൾക്കും പുറമെ എല്ലാ ബുധനാഴ്ചയും ഈ നിയോഗത്തിൽ ഏതെങ്കിലും ഒരു നേരം ഉപവസിച്ച് പ്രാർത്ഥിക്കുവാൻ സഭാമക്കളേവരേയും ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. വിശുദ്ധ കുർബാനയ്ക്കുശേഷവും, സണ്ടേസ്ക്കൂൾ തുടങ്ങുന്നതിനുമുമ്പും കുടുംബപ്രാർത്ഥനയ്ക്കുശേഷവും നാമകരണ നടപടികൾക്കായുള്ള പ്രാർത്ഥന ഒരുമിച്ചു ചൊല്ലണം.

2015 ഡിസംബർ 8ന് ഉദ്ഘാടനം ചെയ്യപ്പെട്ട കരുണയുടെ അസാധാരണ ജൂബിലിവർഷത്തിന്റെ സമാപനം 2016 നവംബർ 20-ാം തീയതി സമാപിച്ചപ്പോൾ പുതിയൊരു കാഴ്ചപ്പാടിന് അത് തുടക്കം കുറിച്ചു. കരുണയുടെ അസാധാരണ ജൂബിലിവർഷം സമാപിച്ചെങ്കിലും ദൈവകരുണ ഒരിക്കലും വറ്റാത്ത നീരുറവയായി നിലകൊള്ളുന്നുവെന്ന് പരി. ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് നവംബർ 21-ന് പ്രസിദ്ധീകരിക്കപ്പെട്ട 'കരുണയും കരുണാർഹയും' (Misericordia et Misera-Mercy and Misery) എന്ന അപ്പസ്തോലിക ലേഖനം ഇതിനോടകം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. കരുണയുടെ ജൂബിലിവർഷത്തിൽ നാം അനുഭവിച്ച ആനന്ദവും വിശ്വസ്തതയും ഉത്സാഹവും ദൈവകരുണയും ഭാവിയിലും തുടർന്നുകൊണ്ടുപോകാൻ സാധിക്കണമെന്നും, കരുണയുടെ പ്രവർത്തികൾ ഒരിക്കലും നിയന്ത്രിച്ച് നിർത്തരുതെന്നും മാർപാപ്പ ആവശ്യപ്പെടുന്നു (MM 5). കരുണയുടെ ജൂബിലി ചൈതന്യം സാർവ്വത്രികസഭയിൽ തുടർന്നുകൊണ്ടുപോകുന്നതിന് ആരാധനാക്രമവത്സരത്തിലെ അവസാന ഞായറാഴ്ചയ്ക്ക് മുൻപുള്ള ഞായറാഴ്ച ദരിദ്രരുടെ ലോകദിനമായി ആചരിക്കണമെന്നും മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു. തൊഴിൽരഹിതരും ന്യായമായ വേതനം ലഭിക്കാത്തവരും തലചായ്ക്കാൻ ഇടമില്ലാത്തവരും വിശ്വാസത്തിന്റെയും ജാതിയുടെയും പേരിൽ വിവേചനം അനുഭവിക്കുന്നവരുമെല്ലാം മനുഷ്യമഹത്വത്തിന്റെ പേരിൽ സഹിക്കുന്നവരാണ്. ഇവർക്കെല്ലാം ഐക്യദാർഢ്യത്തോടെ ക്രൈസ്തവകാരുണ്യം പകർന്നുനൽകാൻ നമുക്ക് കടമയുണ്ടെന്നും (MM 19) ഈ അപ്പസ്തോലികലേഖനത്തിലൂടെ പരി. ഫ്രാൻസീസ് മാർപാപ്പ നമ്മെ പഠിപ്പിക്കുന്നു. സമ്പത്തിൽ ദരിദ്രരാകുവാനും സ്നേഹത്തിൽ സമ്പന്നരാകുവാനും ഇതിലൂടെ നമുക്കു സാധിക്കട്ടെ. നമ്മുടെ സഭയിലെ എല്ലാ





ഭദ്രാസനങ്ങളും കാരുണ്യവർഷത്തോടനുബന്ധിച്ച് വ്യത്യസ്തങ്ങളായ കാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. തുടർന്നും അതിന്റെ നന്മകൾ അനേകർക്ക് സംലഭ്യമാകട്ടെ എന്നാശിക്കുന്നു, പ്രാർത്ഥിക്കുന്നു.

2011-ൽ നാം നടത്തിയ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലിയിൽ ഉടലെടുത്ത ആശയങ്ങളുടെ വെളിച്ചത്തിൽ രൂപം പ്രാപിച്ച ഏറ്റവും ധീരവും, ശക്തവുമായ തീരുമാനങ്ങളിലൊന്നായിരുന്നു സുവിശേഷസംഘത്തിന്റെ രൂപീകരണം. 5 വർഷം പിന്നിടുമ്പോൾ അതിലൂടെ ലഭ്യമായ നന്മകളുടെ അളവ് എത്രയോ വലുതാണ്. പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം; ഭാരതം മുഴുവൻ മലങ്കര സഭയിലൂടെ സുവിശേഷത്തിന്റെ സൗരഭ്യം പരത്തുക എന്ന സ്വപ്നം അക്ഷരാർത്ഥത്തിൽ അനേകം സ്ഥലങ്ങളിലെ മിഷൻ രൂപീകരണത്തിലൂടെ ദൈവം സാധിതമാക്കിയ വഴികൾ എത്രയോ വിസ്മയനീയമാകുന്നു.

ഓരോ സ്ഥലങ്ങളിലും നമ്മുടെ സഭാസമൂഹത്തിന്റെ വളർച്ചയ്ക്കും വിത്തുപാകലിനും എത്രയോ മനുഷ്യരെ ദൈവം മുൻകൂട്ടി ഒരുക്കി നിർത്തിയിരിക്കുന്നുവെന്ന് ഓരോ ദിവസത്തെയും അനുഭവങ്ങൾ വെളിവാക്കിത്തരുന്നു. ആ പുതിയ കാഴ്ചപാടുകളെയും ജീവിതക്രമങ്ങളെയും, പൈതൃക പാരമ്പര്യങ്ങളെയും ഇരുകൈയും നീട്ടി സ്വീകരിക്കുവാനും, തുറവിയുടെ, വിശാലതയുടെ, പ്രാർത്ഥനയുടെ സഹായഹസ്തങ്ങൾ നീട്ടാനും അതിന് സാക്ഷികളാകാനും ഈ കാതോലിക്കാദിനാചരണത്തിൽ നമുക്ക് തീരുമാനമെടുക്കാം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഭരണപരവും അപ്പസ്തോലികവുമായ പ്രേഷിതശുശ്രൂഷകളെ ഏകോപിപ്പിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും സ്ഥാപിതമായിരിക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെയും കാതോലിക്കേറ്റ് സെന്ററിന്റെയും പ്രവർത്തനങ്ങളെ ഉദാരമായ സ്തോത്രകാഴ്ചകളിലൂടെ സഹായിക്കുന്നതിനുള്ള ഒരവസരം കൂടിയാണ് കാതോലിക്കാദിനം. അന്നേദിവസത്തെ കാണിക്ക ഈ പ്രത്യേക നിയോഗത്തിലേയ്ക്കാണല്ലോ നാം മാറ്റിവയ്ക്കുന്നത്. സഭാശുശ്രൂഷകളെ ആത്മാർത്ഥമായി സഹായിക്കാനുള്ള സന്മനസ് ഓരോ സഭാവിശ്വാസിയിലും ആഴപ്പെടുവാൻ ഇതിലൂടെ ഇടയാകണം. ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹങ്ങളുടെ ഒരു പങ്ക് സഭയുടെ പൊതുശുശ്രൂഷകൾക്ക് നൽകാൻ ഈ സ്തോത്രകാഴ്ചയിലൂടെ നമുക്ക് സാധിക്കണം. അതിനായി നമ്മുടെ വിശ്വാസികളെ ബഹുമാനപ്പെട്ട വികാരിയച്ച

ന്മാർ മുൻകൂട്ടി അറിയിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഇടവകകൾ മാത്രമല്ല, നമ്മുടെ എല്ലാ സ്ഥാപനങ്ങളും, സന്യാസസമൂഹങ്ങളും അവയുടെ പ്രോവിൻസുകളും ഈ ഉദ്യമത്തിൽ ഔദാര്യത്തോടെ പങ്കാളികളാവണം. ഭദ്രാസനാധ്യക്ഷന്മാർ അവരവരുടെ ഭദ്രാസനങ്ങളിൽനിന്നുള്ള സ്തോത്രകാഴ്ചകളും കാണിക്കകളും ഏകോപിപ്പിച്ച് സഭാസിനഡിന്റെ തീരുമാനപ്രകാരമുള്ള വിഹിതം 2017 മാർച്ച് 6-ന് ആരംഭിക്കുന്ന 21-ാമത് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ സമർപ്പിക്കുന്നതാണ്. സുപ്പീര്യർ ജനറൽമാരും, പ്രൊവിൻഷ്യൽ സുപ്പീര്യേഴ്സും തങ്ങളുടെ സന്യാസസന്യാസിനീ സമൂഹങ്ങളുടെ സ്തോത്രകാഴ്ചയും സംഭാവനയും കൂരിയാ ഓഫീസിൽ സുന്നഹദോസിന് മുമ്പ് ഏല്പിക്കേണ്ടതാണ്. ഈ ഉദ്യമത്തിൽ കഴിഞ്ഞവർഷം ഔദാര്യപൂർവം പങ്കുചേർന്ന ഏവരെയും ഞാൻ അഭിനന്ദിക്കുകയും പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്യുന്നു.

കാതോലിക്കാദിനത്തിൽ വി. കുർബാനയ്ക്കുശേഷം നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻകേന്ദ്രങ്ങളിലും കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും വേണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും ബഹു. വൈദികരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

N.B.: ഈ സർക്കുലർ 2017 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.





# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## MCCL ദിനം 2017

### (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

### വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരി സഹോദരന്മാരേ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

മലങ്കര കത്തോലിക്കാ സഭയിൽ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന, കുട്ടികൾക്കുവേണ്ടി മാത്രമുള്ള ഏകസംഘടനയാണ് മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് അഥവാ MCCL. എല്ലാ വർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ച MCCL ദിനമായി ആചരിക്കുന്ന വേളയിൽ ഈ ദിനത്തിന്റെ അനുഗ്രഹം സ്നേഹപൂർവം നേരുന്നു.

യേശുവിന്റെ അടുക്കൽ ചിലർ ശിശുക്കളെ കൊണ്ടുവന്നു. ശിഷ്യന്മാർ അവരെ ശകാരിച്ചു. എന്നാൽ യേശു പറഞ്ഞു: "ശിശുക്കളെ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്" (മത്താ 19:14). പരിശുദ്ധ സഭയിൽ കുട്ടികൾക്കുള്ള സ്ഥാനം സമുന്നതമാണ് എന്ന് സമർത്ഥിക്കുന്ന ദൈവവചന ഭാഗമാണ് ഇത്. കുട്ടികളിലൂടെ ദൈവരാജ്യത്തിലേക്കുള്ള വാതിൽ കർത്താവ് തുറന്നു തന്നിരിക്കുന്നുവെന്നു വചനം പഠിപ്പിക്കുന്നു. കുട്ടികളുടെ വളർച്ചാഘട്ടങ്ങളിൽ അന്യംനിന്നുപോകേണ്ട കാര്യമല്ല ദൈവാനുഗ്രഹവും ദൈവവിചാരവും. പക്ഷെ, ഇന്നത്തെ കാലഘട്ടത്തിന്റെ ഒഴുക്ക് ഭയാനകമാണ്. ആത്മീയജീവിതം എന്നതു ഒരു പ്രകടനമായി കരുതുന്ന കാലഘട്ട

മാണിത്. പുതുതലമുറയെ മലങ്കര കത്തോലിക്കാ സഭയുടെ വിശ്വാസതീക്ഷ്ണതയും ചൈതന്യവും ആർദ്രതയും കൈമുതലാക്കി ക്രിസ്തുവിൽ ഒന്നിപ്പിക്കാനുള്ള ഉദ്യമമാണ് മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL). നമ്മുടെ സഭാസിനഡിന്റെ ആലോചനയാൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ കൽപ്പനപ്രകാരം 2010 സെപ്തംബർ 20-ന് MCCL എന്ന കുട്ടികളുടെ സംഘടന സഭയിൽ ഔദ്യോഗികമായി രൂപംകൊണ്ടു. അങ്ങനെ, MCA, MCYM എന്നീ സംഘടനകൾക്കൊപ്പം മലങ്കര സഭയിലെ കുട്ടികൾക്ക് ഒരു സംഘടനാപ്രവർത്തനതലം MCCL ഒരുക്കി കൊടുക്കുന്നു. സംഘടനാതലത്തിൽ പ്രവർത്തിച്ച് സഭയുടെ പുതുമുകുളങ്ങളായി പ്രശോഭിക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിവും പ്രാപ്തിയും നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ പഠനതലത്തെ മാത്രം ഉൾക്കൊള്ളിച്ച്, വിശ്വാസം അറിവായി മാത്രം നേടുന്നതാണ് എന്ന മിഥ്യാബോധം അറിഞ്ഞോ അറിയാതെയോ നാം സൃഷ്ടിച്ചതുകൊണ്ട് സഭയുടെ പല തലങ്ങളിൽ ഇന്നും MCCL പേരിന് മാത്രമായി നിലകൊള്ളുന്നു എന്ന സത്യം ഇത്തരുണത്തിൽ ഓർമ്മിപ്പിക്കട്ടെ. യേശുക്രിസ്തു വെറും ബൗദ്ധിക അറിവ് മാത്രമാകാതെ പ്രവർത്തികളിലൂടെയുള്ള അനുഭവമായി മാറുന്നതാണ് ക്രിസ്തീയത എന്ന ബോധ്യം വളർത്തിയെടുക്കുവാൻ ഈ വർഷത്തെ MCCL ദിനം നമ്മെ സഹായിക്കട്ടെ.

സണ്ടേസ്കൂളിൽ നിന്നും MCCL എന്ന സംഘടനയ്ക്കുള്ള വ്യത്യസ്തത വ്യക്തമായി കഴിഞ്ഞ വർഷങ്ങളിലെ സർക്കുലറുകളിൽ സൂചിപ്പിച്ചിരുന്നുവല്ലോ. അതുപോലെ, ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ് അവയെന്നും നാം മറന്നുപോകരുത്. സണ്ടേസ്കൂൾ വഴിയായി വിശ്വാസപരിശീലനത്തിന്റെ ബൗദ്ധികതലം നാം സ്വായത്തമാക്കുമ്പോൾ MCCL വഴി വിശ്വാസം പ്രായോഗികമായി ജീവിതത്തിൽ പരിശീലിപ്പിക്കപ്പെടുന്നു. ആയതിനാൽ രണ്ടും പരസ്പര പൂരകങ്ങളാണ്. MCCL ലക്ഷ്യം വയ്ക്കുന്നത് സമഗ്രമായ വ്യക്തിത്വ വികസനംകൂടിയാണ് എന്നതും നാം ഓർമ്മിക്കേണ്ടതുണ്ട്. കുട്ടികളെ പ്രാർത്ഥനാനുഭവത്തിലേക്ക്നയിക്കുക, ദൈവവചനത്തോട് ആഭിമുഖ്യമുള്ള വരാക്കി വളർത്തുക, ക്രിസ്തീയ ജീവിതത്തിന്റെ പ്രാഥമിക പാഠങ്ങൾ പരിശീലിപ്പിക്കുക, സ്നേഹം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ ഉൾക്കൊള്ളുവാൻ അഭ്യസിപ്പിക്കുക, നന്മയും തിന്മയും വിവേചിച്ചറിയുവാൻ പ്രാപ്തരാക്കുക, സഭയുടെയും രാജ്യത്തിന്റെയും ഉത്തമസന്താനങ്ങളായി വളരുവാൻ സഹായിക്കുക, ഭൗതികവും കലാപരവും കായികവുമായ വളർച്ചയിൽ സഹായിക്കുക എന്നീ പൊതുലക്ഷ്യങ്ങളും MCCL മുന്നിൽ കാണുന്നു. അതുപോലെതന്നെ, സുവിശേഷവത്കരണത്തിനായി ചെറുപ്പകാലത്ത് തന്നെ തങ്ങളാലാവുംവിധം പ്രവർത്തിക്കുവാൻ, MCCL കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, നാളെ നമ്മുടെ ദൈവാലയങ്ങൾ ശൂന്യമാകാതിരിക്കുവാൻ, നാളത്തെ നമ്മുടെ തലമുറ വിശ്വാസം കൈവിടാതിരിക്കുവാൻ, ഇന്നത്തെ കുട്ടികളെ ക്രിസ്തുവിൽ പ്രവർത്തനനിരതരാക്കുക എന്നതായിരിക്കട്ടെ ഈ ദിനത്തിൽ നമ്മുടെ പ്രതിജ്ഞ. അതിനുവേണ്ടി ഭദ്രാസന-മേഖല-യൂണിറ്റ് തലങ്ങളിൽ MCCL-ന് പ്രോത്സാഹനവും നേതൃത്വവും നൽകണം. അതിഭദ്രാസന/ഭദ്രാസന ഡയറക്ടർ അച്ചൻമാരുടേയും യൂണിറ്റ് ഡയറക്ടർമാരായിരിക്കുന്ന ഇടവക വികാരിമാരുടേയും അതീവ താത്പര്യം ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. സണ്ടേസ്കൂൾ പ്രധാന അദ്ധ്യാപകർ/അദ്ധ്യാപകർ, ബഹു. സിസ്റ്റേഴ്സ്, മാതാപിതാക്കൾ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമം MCCL-ന്റെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്. നാം ഒരുക്കിയാൽ നമ്മുടെ കുട്ടികൾ അത്ഭുതങ്ങൾ ചെയ്യുമെന്ന് കാരുണ്യ വർഷത്തിൽ നമ്മുടെ ഭദ്രാസനങ്ങളിലെ MCCL പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഇങ്ങനെ, ഓരോ ഭദ്രാസനവും പലതരത്തിൽ കുട്ടികളെ MCCL എന്ന സംഘടനയിൽ ഒത്തൊരുമിപ്പിച്ചു എന്നതിൽ സന്തോഷിക്കുകയും കുട്ടികളേയും അതിനു നേതൃത്വം നല്കിയവരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. കരുണയുടെ മക്കളായി നമുക്കിനിയും തുടരുവാൻ സാധിക്കട്ടെ.

പരി. ഫ്രാൻസിസ് മാർപാപ്പ 2016 ഡിസംബർ മാസത്തിൽ പ്രത്യേക നിയോഗമായി സമർപ്പിച്ച പ്രാർത്ഥന, ആയുധമെടുക്കുവാൻ നിർബന്ധിതരാകുന്ന ലോകമാസകലമുള്ള കുട്ടികൾക്കുവേണ്ടി

യായിരുന്നു. ഭീകരപ്രവർത്തനങ്ങളുടേയും ആക്രമണങ്ങളുടേയും കുരുതി ക്കളങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നതും അതിനിരയാകുന്നതുമായ കുരുന്നുകളെ ഓർത്ത് നമുക്ക് ഈ വർഷത്തെ MCCL നിയോഗം സമർപ്പിക്കാം. 2014 മുതൽ 2016 വരെ നമ്മുടെ സഭാതല MCCL ഭാരവാഹികളായിരുന്നവരുടെ ഭരണകാലാവധി ഈ വർഷം അവസാനിച്ച സാഹചര്യത്തിൽ, കഴിഞ്ഞ വർഷങ്ങളിൽ അവർ MCCL -ന് നല്കിയ ശക്തമായ നേതൃത്വത്തിന് എല്ലാ ഭാരവാഹികൾക്കും ആനിമേറ്റേഴ്സി നും നന്ദി അറിയിക്കുന്നു. സഭാതല പ്രസിഡന്റായിരുന്ന കുമാരി അനീറ്റ കുര്യാക്കോസിന്റെ ശുശ്രൂഷ ഇത്തരുണത്തിൽ നന്ദിപൂർവം സ്മരിക്കുന്നു. പുതിയ ഭാരവാഹികൾ ഉടൻതന്നെ തിരഞ്ഞെടുക്കപ്പെടുന്നതാണ്. ഈ വർഷത്തെ MCCL ദിനം ഫലപ്രദമാക്കുവാൻ എല്ലാവരും ഒത്തൊരുമിച്ച് പരിശ്രമി ക്കേണ്ടതാണ്. വി. കുർബ്ബാനയിലെ സമർപ്പണം, സമ്മേളനം, പൊതുപഠന വേദികൾ, ക്ലാസ്സുകൾ, കലാപരിപാടികൾ മുതലായവ അന്നേ ദിവസം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സഭയുടെ ശ്രേഷ്ഠമായ MCCL ശുശ്രുഷ കളിൽ ത്യാഗപൂർവം പങ്കുചേരുന്ന ഏവർക്കും അഭിവന്ദ്യ പിതാക്കന്മാരുടെ നാമത്തിൽ നന്ദി അറിയിച്ചുകൊണ്ട് അനുഗ്രഹാശംസകളോടെ,

മിശിഹായിൽ സ്നേഹപൂർവം,

**✠ഫിലിപ്പോസ് മാർ സ്തേഫാനോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ.

കാതോലിക്കേറ്റ് സെന്റർ

പട്ടം, തിരുവനന്തപുരം.

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 12-ാം തീയതി ഞായ റാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്ര ങ്ങളിലും വായിക്കേണ്ടതാണ്. MCCL ദിന പോസ്റ്റർ എല്ലാ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന ഡയറക്ടേഴ്സിനെ ഏല്പി ക്കുന്നതാണ്.





# അമലഗിരി വാർത്തകൾ

**മാസധ്യാനം**

ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം ഫെബ്രുവരി 14, രാവിലെ 9.30-ന് അമലഗിരി അരമന യിൽ ക്രമീകരിച്ചിരിക്കുന്നു. മോൺ. ചെറിയാൻ താഴമൺ മാസ ധ്യാനത്തിനു നേതൃത്വം നല്കുന്നു.

**ആലോചനാ സമിതി**

എപ്പാർക്കിയൽ കൺസൾട്ടേഴ്സ്, എപ്പാർക്കിയൽ പ്രസ്ബിറ്ററൽ കൗൺസിൽ എന്നിവയുടെ സംയുക്ത യോഗം 24 ഫെബ്രുവരി 2017 രാവിലെ 9.00-ന് അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ യോഗം**

ഭദ്രാസന പാസ്റ്ററൽ കൗൺസിൽയോഗം 24 ഫെബ്രുവരി 2017 രാവിലെ 11-ന് അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

**ബൈബിൾ കൺവൻഷൻ**

ആറാമത് ഭദ്രാസന ബൈബിൾ കൺവൻഷൻ 2017 മാർച്ച് 2,3,4,5 തീയതികളിൽ പുന്നമൂട് സെന്റ് മേരീസ് കത്തിഡ്രൽ അങ്ക ണത്തിൽ ക്രമീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചനും ടിം അംഗങ്ങളും കൺവൻഷന് നേതൃത്വം നല്കുന്നു. മാർച്ച് 2,3,4 തീയതികളിൽ വൈകിട്ട് 6-ന് സന്ധ്യാ പ്രാർത്ഥന, തുടർന്ന് ഗാനശുശ്രൂഷയും വചന ശുശ്രൂഷയും. കൺവൻഷൻ ദിവസങ്ങളിൽ വി. കുമ്പസാരത്തിനും കൗൺസലിം ഗിനും സൗകര്യം ക്രമീകരിച്ചിരിക്കുന്നു. മാർച്ച് 5-ാം തീയതി ഞായറാഴ്ച രാവിലെ 9.00 ന് പ്രഭാത പ്രാർത്ഥന തുടർന്ന് അഭി വന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭദ്രാസനത്തിലെ മുഴു വൻ വൈദികരും ചേർന്ന് സമർപ്പിക്കുന്ന വിശുദ്ധ സമൂഹബലി. തുടർന്ന് സ്നേഹ ഭോജനം. ബൈബിൾ കൺവൻഷൻ വഴി നമുക്ക് ഒരുങ്ങാം.

**അഭിനന്ദനങ്ങൾ**

**പ്രദീപ് മാത്യു നല്ലില**

കെ.സി.വൈ.എം ന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട, നല്ലില ഇടവകാംഗമായ ശ്രീ. പ്രദീപ് മാത്യുവിന് മാതൃഭദ്രാസനത്തിന്റെ പ്രാർത്ഥനാ നിർഭരമായ അഭിനന്ദനങ്ങൾ!

**ഹൃദയപൂർവ്വം നന്ദി**

